# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.4/914/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 12/09/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം,(എയിംസിൽ),
2.ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് കണ്ണൂർ
3.കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.4/914/2023 തീയ്യതി: 12/09/2023

## കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-10-2022 മുതൽ 11-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-06-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.വി.സന്തോഷ് | സീനിയർ ഡെപ്യൂട്ടി ഡയരക്ടർ | 12-06-2023 | 17-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-06-2023 | 17-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷൈമകുമാരി എസ്.എൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി റീന പിട്ടൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജിമ എ.സി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ധന്യ എം., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഡ്വ.റോബർട്ട് ജോർജ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.അബു.ആർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആദർശ്.കെ.കെ | കൃഷി അസിസ്ററന്റ് ഡയറക്ടർ | 01-04-2022 | 04-08-2022 |
| ശ്രീ.പ്രമോദ്.എസ് | കൃഷി അസിസ്ററന്റ് ഡയറക്ടർ | 05-08-2022 | 05-11-2022 |
| ശ്രീ.സതീഷ് കുമാർ.കെ | കൃഷി അസിസ്ററന്റ് ഡയറക്ടർ | 06-11-2022 | 31-03-2023 |
| ശ്രീ.വിജയൻ.കെ.വി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ബാബുരാജ് കൊയിലേരിയൻ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | 01-04-2022 | 08-06-2022 |
| ശ്രീ.ദിലീപ് കുമാർ.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | 09-06-2022 | 01-08-2022 |
| ശ്രീ.മനോജ് കുമാർ.സി | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | 02-08-2022 | 31-03-2023 |
| ശ്രീ.വിലാസ് കുമാർ.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 30-07-2022 |
| ശ്രീമതി.ആതിര.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 31-07-2022 | 31-03-2023 |
| ശ്രീമതി.അൽഫോൺസ ജോസഫ് | ക്ഷീരവികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.നിഷ പാലത്തടത്തിൽ | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.നിജീഷ്.ആർ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.പി കെ.കാർത്ത്യായനി | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.അന്നമോൾ ജോസഫ് | സീനിയർ വെറ്റിനറി സർജൻ | 01-04-2022 | 23-08-2022 |
| ഡോ.മുഹമ്മദ് ബഷീർ | സീനിയർ വെറ്റിനറി സർജൻ | 24-08-2022 | 31-03-2023 |
| ശ്രീമതി സുശീല എസ്.എം. | ശിശുവികസന പദ്ധതി ഓഫീസർ (അധീഷണൽ) | 01-04-2022 | 31-05-2022 |
| ശ്രീമതി നിഷ പാലത്തടത്തിൽ | ശിശുവികസന പദ്ധതി ഓഫീസർ (അധീഷണൽ) (ഇൻചാർജ്) | 01-06-2022 | 07-07-2022 |
| ശ്രീമതി ആരിഫ കെ. | ശിശുവികസന പദ്ധതി ഓഫീസർ (അധീഷണൽ) | 08-07-2022 | 20-12-2022 |
| ശ്രീമതി ഷീന എം. | ശിശുവികസന പദ്ധതി ഓഫീസർ (അധീഷണൽ) | 21-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് | 1-1-2 |
| 4 | വാർഷികകണക്കുകളിലെ തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുകൾ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | ബാധ്യത തുകയുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല. | 1-1-5 |
| 7 | അക്കൗണ്ടുകൾ സംബന്ധിച്ച വിവരം ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-1-7 |
| 9 | അസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ആസ്തികളുടെ മൂല്യം മുഴുവനായും ഉൾപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | ചെലവ് വിവരം അതാത് ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | കേഷ് പരിശോധനാ സാക്ഷ്യപത്രം | 1-6 |
| 17 | വർക്കിംഗ് ഗ്രൂപ്പ് | 1-7 |
| 18 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-8 |
| 19 | വാടക അപാകങ്ങൾ | 1-9 |
| 20 | ടെണ്ടർ ഫീ തുക ഈടാക്കിയിട്ടില്ല | 1-10 |
| 21 | ഒരേ ബില്ലിന് രണ്ട് തവണ തുക അനുവദിച്ചത് | 1-11 |
| 22 | മുച്ചക്ര വാഹനം വാങ്ങൽ -രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക ₹100000 തടസ്സപ്പെടുത്തുന്നു | 1-12 |
| 23 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹300000 തടസ്സപ്പെടുത്തുന്നു | 1-13 |
| 24 | വനിത സംരംഭകർക്ക് സബ്സിഡി നൽകൽ -പദ്ധതി നടത്തിപ്പിലെ | 1-14 |

| | | |
|---|---|---|
| | അപാകങ്ങൾ - ചെലവ് തുക ₹238500 തടസ്സപ്പെടുത്തുന്നു. | |
| 25 | ഡയാലിസിസിനും കിഡ്നി രോഗികൾക്കുമുള്ള മരുന്ന് വാങ്ങൾ -₹1493553 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു. | 1-15 |
| 26 | സി എച്ച് സിയിലേക്ക് മരുന്നുകൾ വാങ്ങൽ - ₹322087-യുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു. | 1-16 |
| 27 | വനിത സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ടും പലിശസബ്സിഡിയും -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-17 |
| 28 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ് | 1-18 |
| 29 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- വാലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. ₹245275 തടസ്സപ്പെടുത്തുന്നു | 1-19 |
| 30 | ഇരിക്കൂർ ബ്ലോക്ക് ടൂറിസം സർക്യൂട്ട് - പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-20 |
| 31 | മയ്യിൽ സി എച്ച് സി യിൽ പബ്ലിക്ക് ഇൻഫർമേഷൻ സെന്റർ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ രേഖകൾ ഹാജരാക്കാത്തത് | 1-21 |
| 32 | ഫർണിച്ചറുകളുടെ സ്റ്റോക്ക് വിവരം ഹാജരാക്കിയിട്ടില്ല. | 1-22 |
| 33 | ഐ കെ എം-ന് ബ്ലോക്ക് വിഹിതം കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ₹61458 തടസ്സപ്പെടുത്തുന്നു. | 1-23 |
| 34 | സ്മാർട്ട് ഐ ഫേസ് 1 -വിനിയോഗരേഖകൾ ഹാജരാക്കേണ്ടതാണ് | 1-24 |
| 35 | പടിയൂർ ഗ്രാമ പഞ്ചായത്ത് ശ്മശാനം വിഹിതം നൽകൽ - നീക്കിയിരിപ്പ് തുക തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-25 |
| 36 | ആസ്തി പരിപാലനം | 1-26 |
| 37 | ചപ്പംകരി കുടിവെള്ള പദ്ധതി -അപാകതകൾ | 1-27 |
| 38 | ഒഴിഞ്ഞ ടാർ ബാരലിന്റെ വില തിരികെ ഒടുക്കിയില്ല | 1-28 |
| 39 | തുക അതത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്. | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഒരേ ബില്ലിന് രണ്ട് തവണ തുക അനുവദിച്ചത് | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് നൽകിയ ഫണ്ടുകളുടെ വിവരം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിററ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1.കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 , സംസ്ഥാന ഗവൺമെന്റ്/കേന്ദ്രഗവൺമെന്റ് , ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 18.05.2023 തീയതിയിലെ 4/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 18.05.2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii)സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ , അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ,ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

കണ്ണൂർ,
12.09.2023

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

എ)അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.
ബി)അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

ക്യാഷ് ഫ്ലോ പത്രികയിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള

വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-3 വാർഷികകണക്കുകളിലെ തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുകൾ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

1.B-7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡിപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിന്, മുന്നിരിപ്പ് തുകകളുടെ വിവരം ഉൾപ്പെടുത്തി വർഷാന്ത്യ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി ഡിപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2. വാടകയിനത്തിലെ വരവുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ Demand, Collection നീക്കിയിരിപ്പ് തുകകൾ ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

1.വാടകയിനത്തിലെ കുടിശ്ശിക സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2.അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-5 ബാധ്യത തുകയുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

B-9 Other Liabilities എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക ₹16000 ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

### 1-1-6 അക്കൗണ്ടുകൾ സംബന്ധിച്ച വിവരം ധനകാര്യപത്രകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

താഴെ കൊടുത്തിരിക്കുന്ന SBI അക്കൗണ്ടുകൾ സംബന്ധിച്ച വിവരം ധനകാര്യ പത്രികയിലെ B-7, RP40(B) പത്രികകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ 31.03.23 ലെ നീക്കിയിരിപ്പ് വിവരം ഹാജരാക്കിയിട്ടില്ല.

A) A/C No. 00000067220980241 (Secretary Irikkur Block Panchayath) 28.11.22 ലെ നീക്കിയിരിപ്പ് ₹1,67,909

B)A/C No 00000057044725649 (BDO) 27.01.23 ലെ നീക്കിയിരിപ്പ് ₹128597

### 1-1-7 ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

തൻവർഷത്തെ ആസ്തികൾക്ക് Depreciation രേഖപ്പെടുത്തിയിട്ടുള്ള ഷെഡ്യൂളിന്റെ (B-11) ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-8 അസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുഴുവൻ വാഹനങ്ങളുടെയും ആസ്തിമൂല്യം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-9 ആസ്തികളുടെ മൂല്യം മുഴുവനായും ഉൾപ്പെടുത്തിയിട്ടില്ല

B-3 Capital Contribution ഷെഡ്യൂളിൽ തൻവർഷം സൃഷ്ടിച്ച ആസ്തികളുടെ മൂല്യം കൂട്ടിച്ചേർത്ത് കാലികമാക്കിയിട്ടില്ല.

### 1-1-10 ചെലവ് വിവരം അതാത് ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല.

പ്രൊജക്ട് നം 215/23 (സ്മാർട്ട് ഐ ഫേസ്) എന്ന പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ₹158886 ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ജില്ലാപഞ്ചായത്തിന്റെ 11010251053 നമ്പർ അക്കൗണ്ടിലേക്ക് 30.03.23 ന് നൽകിയിട്ടുണ്ടെങ്കിലും ചെലവ് വിവരം സുലേഖ ചെലവ് പത്രികയിലും, ബന്ധപ്പെട്ട ACR ലും ഉൾപ്പെട്ടിട്ടില്ല.

## 1-2 ബജറ്റ്

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 30-3-2022 ലെ യോഗതീരുമാന നമ്പർ 1 പ്രകാരം അംഗീകരിച്ച 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് ചുവടെ കൊടുക്കുന്നു.

| ബജറ്റ് | |
|---|---|
| മുൻബാക്കി | 3555149 |
| വരവ് | 198928700 |
| ആകെ വരവ് | 202483849 |

| | |
|---|---|
| ചെലവ് | 201653140 |
| നീക്കിയിരിപ്പ് | 830709 |

| പുതുക്കിയ ബജറ്റ് | |
|---|---|
| മുൻബാക്കി | 1133129 |
| വരവ് | 74525394 |
| ആകെ വരവ് | 75658523 |
| ചെലവ് | 74485509 |
| നീക്കിയിരിപ്പ് | 1173014 |

പുതുക്കിയ ബജറ്റ് അംഗീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുൻബാക്കി | 6737257 |
| വരവ് തുക | 88734762 |
| ആകെ | 95472019 |
| ചെലവ് തുക | 84980856 |
| നീക്കിയിരിപ്പ് | 10491163 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1715 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2760873 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ലാപ്സായ തുക) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 33254000 | 33254000 | 29836269 | 3417731 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3825000 | 3825000 | 3243562 | 581438 |
| വികസന ഫണ്ട്-ടി എസ്..പി | 0 | 4028000 | 4028000 | 3235531 | 792469 |
| മെയിന്റനൻസ് ഗ്രാന്റ് , റോഡിതരം | 0 | 1,02,77,000 | 1,02,77,000 | 10269583 | 7417 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് | 4583715 | 9092801 | 13676516 | 7537744 | 6138772* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 107894 | 6127721 | 6235615 | 4922439 | 1313176* |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്-അൺ ടൈഡ്,ബേസിക്ക് | | | | | |
| ഹെൽത്ത് ഗ്രാൻ് | | 2550000+44199 (പലിശ) | 2594199 | 547934 | 2046265 |
| ടി എസ് സി | 1900 | 13353 | 15253 | 0 | 15253 |
| PMAY ഡിപ്പാർട്ട്മെന്റ് വിഹിതം | 0 | 1600000 | 1600000 | 900000 | 700000 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ട്രഷറി നീക്കിയിരിപ്പ്/ലാപ്സ് ആയ തുക ഉൾപ്പെടെയാണ് ചേർത്തിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 152 | 135875537 | 119 | 70930665 | 27 | 33 | 61 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 51 | 36 | 59650123 | 26547607 | 45 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 | 2 | 272615 | 237477 | 87 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 52 | 41751389 | 27403694 | 66 |
| 4 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2 | 1010000 | 1010000 | 100 |
| 5 | പട്ടികജാതി വികസനഓഫീസർ | 2 | 2 | 930000 | 896478 | 96 |
| 6 | മെഡിക്കൽ ഓഫീസർ CHC | 7 | 7 | 7780290 | 7251005 | 93 |
| 7 | സി.ഡി.പി.ഒ ഇരിക്കൂർ&സി.ഡി.പി.ഒ അഡീഷണൽ | 10 | 10 | 20035500 | 4387769 | 21 |
| 8 | സീനിയർ വെറ്റിനറി സർജൻ | 3 | 3 | 850000 | 398287 | 47 |
| 9 | ഡയറി ഡവലപ്മെന്റ് ഓഫീസർ | 2 | 2 | 2100000 | 2010648 | 96 |
| 10 | ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ഓഫീസർ | 3 | 3 | 1495620 | 787700 | 53 |
| | ആകെ | 152 | 119 | 135875537 | 70930665 | 52 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പട്ടികജാതി വികസനഓഫീസർ, മെഡിക്കൽ ഓഫീസർ,ഡയറി ഡവലപ്മെന്റ് ഓഫീസർ എന്നിവർ 75% ൽ അധികം തുക ചെലവഴിച്ചിട്ടുണ്ട്. കൃഷി അസിസ്റ്റന്റ് ഡയറക്ടർ 100% തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ആകെ ചെലവ് തുക 52% മാത്രമാണ്. ആയത് പോരായ്മയാണ്. ഭാവിയിൽ ചെലവ് തുക വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 കേഷ് പരിശോധനാ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.06.2023 തീയ്യതിയിൽ 2.30 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 വർക്കിംഗ് ഗ്രൂപ്പ്

വിവിധ തലത്തിലുള്ള 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ 2022-23 വർഷത്തിൽ ശരിയായ രീതിയിൽ യോഗം ചേർന്നതായി ആയതിന്റെ മിനുട്സ് പരിശോധനയിൽ കാണാൻ കഴിഞ്ഞു. എന്നാൽ കുടിവെള്ളം, ശുചിത്വം ഉടങ്ങിയ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ യോഗതീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വിവിധ പ്രവൃത്തികളുടെ മോണിറ്ററിംഗം കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഒഴികെ മറ്റ് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തി, സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിവിധ പ്രവൃത്തികൾ കാര്യക്ഷമമായി നിർവഹണം നടത്തി എന്നത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്തമാണ്. മൂന്നിൽ കുറയാത്ത അംഗങ്ങളുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ ഉപസമിതി മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ ഖണ്ഡിക 14 പ്രകാരമുള്ള മോണിറ്ററിംഗിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഖണ്ഡിക 15 പ്രകാരമുള്ള സോഷ്യൽ ഓഡിറ്റ് സംവിധാനവും നടപ്പിലാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ്ധാന്തി പാലിക്കേണ്ടതാണ്.

## 1-8 ആഭ്യന്തരനിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ ഉൾപ്പെടുന്ന ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിൽ മയ്യിൽ, കുറ്റ്യാട്ടൂർ, മലപ്പട്ടം, ഇരിക്കൂർ, പടിയൂർ, കല്ല്യാട്, ഉളിക്കൽ, എരുവേശി, പയ്യാവൂർ എന്നിങ്ങനെ 8 പഞ്ചായത്തുകൾ ഉൾപ്പെടുന്നു. ആയതിൽ ഉൾപ്പെട്ട ആകെ 125 വാർഡുകളിൽ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം വ്യാപിച്ചിരിക്കുന്നു. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിൽ കൃത്യമായ ഇടവേളകളിൽ ഓഫീസ് യോഗം ചേരുകയും ദൈനംദിന ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. ചുമതലാ നിർവ്വഹണവും നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയവും നടന്നു വരുന്നുണ്ട്. പട്ടികജാതി സങ്കേതത്തിലേയ്ക്ക് പട്ടികജാതി വകുപ്പിന്റെ സഹായത്തോടെ, പയ്യാവൂർ പഞ്ചായത്തിലെ പുഴയ്ക്കു കുറുകെ 9000000 രൂപ എസ്റ്റിമേറ്റിലുള്ള 60 മീറ്റർ നീളവും 2.5 മീറ്റർ വീതിയും ഉള്ള നടപ്പാലം നിർമിച്ചതും വിവിധ പഞ്ചായത്തുകളിൽ തെരുവ് നായ നിയന്ത്രണങ്ങൾക്കു വേണ്ടി എ ബി സി പ്രോഗ്രാം നിർവഹണം ചെയ്തതും ശ്ലാഘനീയമാണ്.

വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. വികസനഫണ്ട്, സംരക്ഷണഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ്, മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച് എ.സി.ആർ സൂക്ഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്ററർ എന്നിവ തയ്യാറാക്കുന്നില്ല. പർച്ചേസുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. ആയത് പോരായ്മയാണ്. അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചു വരുന്നില്ല. എന്നാൽ പഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

## 1-9 വാടക അപാകങ്ങൾ

1. വാടക – വാർഷിക വർദ്ധനവ് വരുത്തുന്നില്ല

തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പിന്റെ 09.07.2012 തീയതിയിലെ സ.ഉ(സാധാ) നം 1906/2012/തസ്വഭവ ഉത്തരവ് പ്രകാരം അംഗീകരിച്ച ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വാടക ബൈലോയിലെ ക്രമനമ്പർ 5 പ്രകാരം മുറി ലഭിക്കുന്ന

ആൾക്ക് ആദ്യത്തെ മൂന്ന് വർഷം വാടക വർദ്ധനവില്ലാതെ കരാർ പുതുക്കി മുറി ഉപയോഗിക്കാവുന്നതും തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിക്ക് നിലവിലുള്ള വാടകയുടെ 5 മുതൽ 15 വരെ ശതമാനം അധികം നിശ്ചയിച്ച് തുടർവർഷങ്ങളിൽ കൈവശക്കാരന് തന്നെ മുറികൾ നൽകാവുന്നതുമാണ്. എന്നാൽ വാടക രജിസ്റ്റർ, കരാർ എന്നിവ പരിശോധിച്ചതിൽ നിന്നും നിലവിലുള്ള വാടകക്കാർക്ക് വാടക വർദ്ധനവ് വരുത്താതെയാണ് 2022-23 വർഷം മുറികൾ അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം വാടക വർദ്ധനവ് വരുത്താത്തതിന്റെ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/14.06.2023) മറുപടിയായി കോവിഡ് മഹാമാരിയുടെ ഭാഗമായി ലോക്ക്ഡൗണും മറ്റ് നിയന്ത്രണങ്ങളും വന്നതിനാലാണ് വാടക വർദ്ധിപ്പിക്കുന്നതിന് കാലതാമസം നേരിട്ടതെന്നും വാടക വർദ്ധിപ്പിക്കുന്നതിനായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരെ ഉൾപ്പെടുത്തി ഒരു സബ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെന്നും കമ്മറ്റിയുടെ ശുപാർശ പ്രകാരം വാടക വർദ്ധനവ് വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാടക ബൈലോയിലെ വ്യവസ്ഥകൾക്കനുസൃതമായി വാടകവർദ്ധനവ് വരുത്തേണ്ടതും തനത് വരുമാനചോർച്ച ഒഴിവാക്കേണ്ടതുമാണ്.

2. വാടക കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

ബൈലോയിലെ ക്രമനമ്പർ 19 പ്രകാരം മുറി അനുവദിക്കപ്പെട്ട ആൾ പ്രതിമാസ വാടക അതാതുമാസം 5ാം തീയതിക്കകം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ അടക്കേണ്ടതാണ്. യാതൊരു കാരണവശാലും മൂന്നുമാസത്തിൽ കൂടുതൽ കുടിശ്ശിക അനുവദിക്കുന്നതല്ല. മാസ വാടക നിശ്ചിത സമയത്ത് അടക്കാതിരുന്നാൽ മുറി തുടർന്ന് ഉപയോഗിക്കാനുള്ള അവകാശം റദ്ദ് ചെയ്യാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും. എന്നാൽ 8/64 E എന്ന മുറിയുടെ വാടകക്കാരനായ ശ്രീ സുധീർ എന്നയാൾ ഡിസംബർ 2020 മുതലുള്ള വാടക ഒടുക്കാൻ ബാക്കിയുണ്ട് (മാസ വാടക 7750 രൂപ). ടിയാനിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(19/14.06.2023) ന് മറുപടിയായി ടിയാന് കുടിശ്ശിക അടക്കുന്നതിനായി 30/06/2023 വരെ സമയം അനുവദിച്ച് കൊണ്ട് രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക വരുത്തിയതിന് ബൈലോയിൽ പരാമർശിച്ച പ്രകാരം നടപടി സ്വീകരിക്കേണ്ടതും ടിയാനിൽ നിന്നും കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതുമാണ്.

3. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
ഓഡിറ്റ് വർഷം വാടക കുടിശ്ശിക ഇനത്തിൽ 81550 രൂപ വരവുണ്ട്. എന്നാൽ ആയത് പരിശോധിക്കാൻ ആവശ്യമായ കുടിശ്ശിക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

4. കാലാങ്കി എസ്.ജി.എസ്.വൈ വിപണനകേന്ദ്രത്തിലെ മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ കാലാങ്കിയിലുള്ള എസ്.ജി.എസ്.വൈ വിപണന കേന്ദ്രത്തിലെ മുറികൾ 2022-23 വർഷവും വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി പൂർത്തിയായിട്ടില്ല (2021-22 വർഷ റിപ്പോർട്ടിലും ഇത് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/14.06.2023) മറുപടിയായി കെട്ടിടത്തിന്റെ വൈദ്യുതീകരണം പൂർത്തീകരിക്കാത്തതിനാലാണ് വാടകയ്ക്ക് നൽകാത്തതെന്നും ഈ സാമ്പത്തിക വർഷം തന്നെ വൈദ്യുതീകരണം പൂർത്തിയാക്കി വാടകയ്ക്ക് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

5.ബ്ലോക്ക് പഞ്ചായത്തിന്റെ ഹാളുകളുടെ വാടക നിശ്ചയിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

2022-23 വർഷം Rent From Auditoriums & Halls എന്ന ഇനത്തിൽ 33750/- രൂപ വരവുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ഹാളുകളുടെ വാടക നിശ്ചയിച്ചതിന്റെ ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/14.06.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക നിശ്ചയിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-10 ടെണ്ടർ ഫീ തുക ഈടാക്കിയിട്ടില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇത് സംബന്ധിച്ച് 8/15-6-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2017-18 മുതലുള്ള ഇ ടെണ്ടർ തുകയാണ് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കാനുള്ളത് എന്ന മറുപടിയാണ് ലഭ്യമായത്. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ്

എൻജിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളതും ബ്ലോക്ക് പഞ്ചായത്തിന് 2017-18 മുതൽ 2021-22 വർഷം വരെ ലഭിക്കേണ്ടതുമായ ടെണ്ടർ ഫീ ഇനത്തിലുള്ള ₹10,70,059 ഇതുവരെയും ലഭിച്ചിട്ടില്ല. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക (₹) |
|---|---|---|
| 1 | 2017-18 | 2,10,456 |
| 2 | 2018-19 | 2,93,810 |
| 3 | 2019-20 | 2,35,611 |
| 4 | 2020-21 | 1,67,558 |
| 5 | 2021-22 | 1,62,624 |
| | ആകെ | 10,70,059 |

2022-23 വർഷം മുതൽ ടെണ്ടർ ഫീ തുക നേരിട്ട് അക്കൗണ്ടിലേയ്ക്ക് ലഭിച്ചുവരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഈയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-11 ഒരേ ബില്ലിന് രണ്ട് തവണ തുക അനുവദിച്ചത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജ്ജൻ |
| പ്രോജക്ട് നമ്പർ | 132/23 |
| പ്രോജക്ടിന്റെ പേര് | ചെമ്പൻതൊട്ടി പോളിക്ലിനിക്കിലെ ദൈനംദിന ചെലവ് |
| അടങ്കൽ | ₹ 100000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് തുക ,ബിൽ നം/തീയതി | ₹ 58594 |

ചെമ്പൻതൊട്ടി പോളിക്ലിനിക്കിലെ ദൈനംദിന ചെലവുകൾ നടത്തുന്നതിനായുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി ചെലവഴിച്ച തുകയിൽ ഒരേ ബില്ലിന് രണ്ട് തവണ തുക അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം/ ആവശ്യം | ബിൽ തുക/മാസം | അനുവദിച്ച തുക, ബിൽ നം/തീയതി |
|---|---|---|
| 1.ബി.എസ്.എൻ.എൽ, ടെലഫോൺ ചാർജ്ജ് | 791, ഒക്ടോബർ 2022-ലെ ബിൽ (ഇൻവോയിസ് നം SDCKL0073492192, 03.11.2022 | 1 .791, 11/23.11.2022<br>2. 791, 14/16.12.2022 |
| 2.ഇമേജ്, ഓപ്പറേഷണൽ കോസ്റ്റ് ഫോർ ബയോമെടിക് വേസ്റ്റ് കളക്ഷൻ ചാർജ്ജ് | 924, ജനവരി മാസത്തെ കളക്ഷൻ ചാർജ്ജ് (ബിൽ നം OC/2022-2-23/Jan /1174239 , 01.02.2023 | 1. 924, 21/14.02.2023<br>2. 924, 23/16.03.2023 |

ഒരേ ബില്ലിന് രണ്ട് തവണ തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/15.06.2023) മറുപടി ലഭ്യമാക്കിയില്ല. അധികം അനുവദിച്ച തുക തിരികെ ഈടാക്കുകയോ തുടർമാസത്തെ ബില്ലിൽ നിന്നും

ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-12 മുച്ചക്ര വാഹനം വാങ്ങൽ -രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക ₹100000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 137/23 |
| പ്രോജക്ടിന്റെ പേര് | മുച്ചക്ര വാഹനം വാങ്ങൽ |
| നിർവ്വഹണം | സി ഡി പി ഒ<br>ഇരിക്കൂർ അഡീഷണൽ |
| അടങ്കൽ | വികസന ഫണ്ട് ₹125000 |
| ചെലവ് ₹100000 | ബിൽ നമ്പർ 3/16-1-23<br>₹100000 |

മേൽ പദ്ധതി പ്രകാരം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 40% നു മുകളിൽ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് മുച്ചക്രവാഹനം വാങ്ങുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കെൽട്രോണിൽ നിന്ന് വാങ്ങിയ വാഹനം കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ ശ്രീ സി മജീദ് എന്ന വ്യക്തിക്കാണ് നൽകിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.2 പ്രകാരം സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ പദ്ധതിയിൽ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ സ്കൂട്ടർ വാങ്ങാൻ ധനസഹായം ലഭിച്ച വ്യക്തികൾക്ക് വീണ്ടും സ്കൂട്ടർ വാങ്ങാൻ ധനസഹായം നൽകാവുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

2)വാഹനം ലഭ്യമായ വ്യക്തിയുടെ കൈപ്പറ്റ് രശീതി, വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഹാജരാക്കിയിട്ടില്ല

3) പദ്ധതിയുടെ ഗുണഭോക്താവിനെ അംഗീകരിച്ചുകൊണ്ടുള്ള ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് തീരുമാനം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നമ്പർ (12/15-6-23) നൽകിയ മറുപടി പ്രകാരം കഴിഞ്ഞ 8 വർഷത്തിനുള്ളിൽ സ്കൂട്ടർ വാങ്ങാൻ ധനസഹായം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് വാഹനം ലഭിച്ച വ്യക്തിയുടെ കൈപ്പറ്റ്, ഗുണഭോക്താവിനെ അംഗീകരിച്ചുകൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം എന്നിവ ഹാജരാക്കിയിട്ടുണ്ട്. വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഗുണഭോക്താവിനെ അംഗീകരിച്ചുകൊണ്ടുള്ള ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക ₹100000 തടസ്സപ്പെടുത്തുന്നു.

## 1-13 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹300000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 119/23 |
| പ്രോജക്ടിന്റെ പേര് | മുച്ചക്ര വാഹനം വാങ്ങൽ |
| നിർവ്വഹണം | സി ഡി പി ഒ<br>ഇരിക്കൂർ |
| അടങ്കൽ | വികസന ഫണ്ട് ₹400000 |
| ചെലവ് ₹400000 | ബിൽ നമ്പർ 3/17-3-23 ₹400000 |

മേൽ പദ്ധതി പ്രകാരം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 40% ന മുകളിൽ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് മുച്ചക്രവാഹനം വാങ്ങുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കെൽട്രോണിൽ നിന്ന് വാങ്ങിയ നാല് വാഹനങ്ങൾ മയ്യിൽ പഞ്ചായത്തിലെ സന്തോഷ് കുമാർ ടി വി, വി ഒ അനീഷ് കുമാർ, എരുവേശ്ശി ഗ്രാമപഞ്ചായത്തിലെ അനീഷ് രാജൻ, പയ്യാവൂർ ഗ്രാമ പഞ്ചായത്തിലെ ശശിധരൻ ടി കെ എന്നിവർക്കാണ് നൽകിയിരിക്കുന്നത്. പദ്ധതി നിർവഹണം സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ഗുണഭോക്താവായ സന്തോഷ് കുമാർ എന്നവർ വിദേശത്ത് പോയതിനാൽ ടിയാന്റെ വാഹനം ടിയാന്റെ ഭാര്യയാണ് കൈപ്പറ്റിയിരിക്കുന്നത്. നിലവിൽ ടിയാന്റെ വാഹനം ഉപയോഗിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച വിവരവും വാഹനത്തിന്റെ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകളും സമർപ്പിച്ചിട്ടില്ല.

2)വാഹനം ലഭ്യമായവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3) വാഹനം നൽകിയവരിൽ വി ഒ അനീഷ് കുമാർ, ശശിധരൻ ടി കെ എന്നവർക്ക് മാത്രമേ ഇൻവാലിഡ് കാര്യേജ് ലൈസൻസ് ലഭ്യമായിട്ടുള്ളൂ. മറ്റ് രണ്ട് പേർക്കും ഇൻവാലിഡ് കാര്യേജ് ലൈസൻസ് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/15-6-23) ന് നൽകിയ മറുപടി പ്രകാരം വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനീഷ് രാജൻ എന്നവരുടേത് ഒഴികെ മറ്റ് മൂന്ന് പേർക്കും ലഭ്യമായിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും വി ഒ അനീഷ് കുമാർ എന്നവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മാത്രമേ മറുപടിക്കൊപ്പം ഹാജരാക്കിയിട്ടുള്ളൂ. മറ്റ് മൂന്ന് പേരുടെയും വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഇൻവാലിഡ് കാര്യേജ് ലൈസൻസില്ലാത്ത സന്തോഷ് കുമാർ, അനീഷ് രാജൻ എന്നിവരുടെ ഇൻവാലിഡ് കാര്യേജ് ലൈസൻസ്, സന്തോഷ് കുമാർ എന്നവർ വാഹനം കൈപ്പറ്റിയതിന്റെ വിവരം എന്നിവ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക ₹300000 തടസ്സപ്പെടുത്തുന്നു.

## 1-14 വനിത സംരംഭകർക്ക് സബ്സിഡി നൽകൽ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ചെലവ് തുക ₹238500 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 228/23 |
| പ്രോജക്ടിന്റെ പേര് | വനിത സംരംഭകർക്ക് സബ്സിഡി നൽകൽ |
| നിർവ്വഹണം | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ<br>ഇരിക്കൂർ ബ്ലോക്ക് |
| അടങ്കൽ | വികസന ഫണ്ട് 445620 |
| ചെലവ് ₹444750 | ബിൽ നമ്പർ 3/30-3-23 ₹313500<br>ബിൽ നമ്പർ 4/30-3-23 ₹131250 |

മേൽ പദ്ധതി പ്രകാരം ഇരിക്കൂർ ബ്ളോക്ക് പഞ്ചായത്ത് പരിധിയിലെ ഉഷസ്സ് ഗാർമെന്റ്സ് യൂണിറ്റ് (മയ്യിൽ പഞ്ചായത്ത്), തനിമ (മയ്യിൽ പഞ്ചായത്ത്), ശ്രീകൃഷ്ണ ഫുഡ് പ്രൊഡക്ട്സ് (മലപ്പട്ടം ഗ്രാമപഞ്ചായത്ത്) എന്നീ ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. ഉഷസ്സ് ഗാർമെന്റ്സ് യൂണിറ്റിന് 131250 രൂപയും ശ്രീകൃഷ്ണ ഫുഡ് പ്രോഡക്ടിന് 238500 രൂപയും, തനിമ വളം നിർമ്മാണ യൂണിറ്റിന് 75000 രൂപയുമാണ് സബ്സിഡി നൽകിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1)സബ്സിഡി അനുവദിച്ച ഗ്രൂപ്പിന്റെ ലോൺ അക്കൗണ്ടിന്റെ പാസ് ബുക്ക്, സബ്സിഡി ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) ഗ്രൂപ്പുകൾ സംരംഭം ആരംഭിക്കുന്നതിനായി വാങ്ങിച്ച മെഷീനുകൾ, അനുബന്ധ സാധനങ്ങൾ എന്നിവ വാങ്ങിതിന്റെ കാഷ് ബിൽ, ഗ്രൂപ്പുകൾ വാങ്ങിച്ച സാധനങ്ങൾ, മെഷിനറി എന്നിവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) സംരംഭം തുടങ്ങുന്നതിന് വേണ്ടി പഞ്ചായത്തിൽ നിന്നും എടുത്ത ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

4) പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട്. നിലവിലെ പ്രവർത്തന വിവരം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 16/15-6-23) ക്ക് നൽകിയ മറുപടിയിൽ ഉഷസ്സ് ഗാർമെന്റ്സ് യൂണിറ്റ്, തനിമ ജൈവവള നിർമ്മാണ യൂണിറ്റ് എന്നീ ഗ്രൂപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് എന്നും ടി ഗ്രൂപ്പുകളുടെ പഞ്ചായത്തിൽ നിന്നും എടുത്ത ലൈസൻസിന്റെ പകർപ്പ്, സബ്സിഡി ലഭ്യമായതായി കാണിക്കുന്ന ബാങ്കിന്റെ രശീതി, മെഷിനറികൾ വാങ്ങിച്ചതിന്റെ ക്യാഷ് ബിൽ എന്നിവ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ശ്രീകൃഷ്ണ പലഹാര നിർമ്മാണ യൂണിറ്റ് നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നും 21-06-23 ന് പ്രവർത്തനം ആരംഭിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്. ടി ഗ്രൂപ്പുകൾ മെഷീനുകൾ വാങ്ങിയതിന്റെ ക്യാഷ് ബില്ലുകൾ പ്രകാരം 18-06-23 നാണ് മെഷിനുകൾ വാങ്ങിയിട്ടുള്ളത്. സബ്സിഡി 30-3-2023 ന് ബാങ്കിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട് എന്ന മലപ്പട്ടം സർവ്വീസ് സഹകരണ ബാങ്കിന്റെ സാക്ഷ്യപത്രം ഫയലിൽ ഹാജരാക്കിയിട്ടുണ്ട്. ടി ഗ്രൂപ്പിന്റെ പ്രവർത്തനം 21-6-23 ന് തുടങ്ങിയിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ, മെഷിനറി വാങ്ങിച്ചത് സ്റ്റോക്കിലെടുത്തതിന്റെ വിവരം, ഗ്രൂപ്പ് സംരംഭത്തിന്റെ ഫോട്ടോ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മറുപടിക്കൊപ്പം സമർപ്പിച്ച മോണിറ്ററിങ്ങ് റിപ്പോർട്ടിൽ ശ്രീകൃഷ്ണ പലഹാര നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മോണിറ്ററിങ്ങ് കമ്മിറ്റി റിപ്പോർട്ടിൽ ചെയർമാൻ ഒപ്പ് വെച്ചിട്ടില്ല. ശ്രീകൃഷ്ണ പലഹാര യൂണിറ്റിന്റെ പ്രവർത്തനം കൂടി വിലയിരുത്തി പൂർണ്ണമായ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ടി ഗ്രൂപ്പിന് നൽകിയ സബ്സിഡി തുക ₹238500രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 ഡയാലിസിസിനും കിഡ്നി രോഗികൾക്കുമുള്ള മരുന്ന് വാങ്ങൽ -₹1493553 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 3/23 |
| പ്രോജക്ടിന്റെ പേര് | ഡയാലിസിസിനും കിഡ്നി രോഗികൾക്കുമുള്ള മരുന്ന് വാങ്ങൽ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ<br>കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് റോഡിതരം ₹3000000 |
| ചെലവ് | ₹3000000<br>ബിൽ നമ്പർ 9/15-9-22 ₹1649620<br>ബിൽ നമ്പർ 26/16-1-23 ₹1350380 |

ഡയാലിസിസിനും കിഡ്നി രോഗികൾക്കുമുള്ള മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മേൽ കാണിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം ₹3000000 നൽകിയതിൽ മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല, വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | ബിൽ നമ്പർ | പ്രഫോർമ ഇൻവോയിസ് | മരുന്ന് വാങ്ങുന്നതിന് നൽകിയ തുക ₹ | ലഭ്യമായ മരുന്നിന്റെ വില ₹ | ലഭിക്കാനുള്ള മരുന്നിന്റെ വില ₹ |
|---|---|---|---|---|---|
| 1 | ബിൽ നമ്പർ 9/15-9-22 | PRF514/ 29-6-22 | 16,49,620 | 10,50,370 | 5,99,250 |

| | | | | | |
|---|---|---|---|---|---|
| | ₹1649620 | | | | |
| 2 | ബിൽ നമ്പർ 26/16-1-23 ₹1350380 | PRF3461/9-1-23 | 13,50,380 | 456077 | 8,94,303 |
| | | ആകെ | 3000000 | 1506447 | 1493553 |

മുപ്പത് ലക്ഷം രൂപ നൽകിയതിൽ ₹14,93,553 രൂപയുടെ മരുന്ന് ഇനിയും ലഭ്യമാവാത്ത സാഹചര്യത്തിൽ രോഗികൾക്ക് യഥാസമയം മരുന്ന് ലഭ്യമാവാത്ത സാഹചര്യം ഉണ്ടോ എന്നത് വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/16-6-23) ലഭ്യമാക്കിയ മറുപടിയിൽ കെ എം എസ് സി എല്ലിൽ നിന്ന് മരുന്നുകൾ ഘട്ടം ഘട്ടമായി മാത്രമേ ലഭ്യമാവുന്നുള്ളൂ എന്നും മുൻവർഷത്തെ മരുന്നുകൾ ഈ വർഷം ലഭ്യമായത് കൊണ്ട് രോഗികൾക്ക് മരുന്നുകൾ യഥാസമയം നൽകാൻ സാധിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ഇരിക്കൂർ ബ്ളോക്ക് പഞ്ചായത്തിന് കീഴിലുള്ള 8 ഗ്രാമപഞ്ചായത്തുകളിലെ പി.എച്ച്.സികൾ വഴിയാണ് വിതരണം ചെയ്യുന്നത് എന്നും അറിയിച്ചിട്ടുണ്ട്. ആയതിന്റെ ഓൺലൈൻ സ്റ്റോക്ക് & ഇഷ്യൂ രേഖകൾ സമർപ്പിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ബാക്കിയുള്ള ₹14,93,553 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ₹14,93,553 തടസ്സപ്പെടുത്തുന്നു.

1-16 സി എച്ച് സിയിലേക്ക് മരുന്നുകൾ വാങ്ങൽ - ₹322087-യുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 2/23 |
| പ്രോജക്ടിന്റെ പേര് | ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങൽ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ<br>കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |
| അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം )<br>15,00,000 |
| ചെലവ് ₹ 1410442 | ബിൽ നമ്പർ 5/27-8-22 ₹224251<br>ബിൽ നമ്പർ 11/ 15-9-22 ₹400005<br>ബിൽ നമ്പർ 24 / 5-1-23₹96302<br>ബിൽ നമ്പർ 30/ 15-2-23 ₹279440<br>ബിൽ നമ്പർ 35/ 28-2-23 ₹98453<br>ബിൽ നമ്പർ 37/ 8-3-23 ₹113352<br>ബിൽ നമ്പർ 39/ 16-3-23 ₹140191<br>ബിൽ നമ്പർ 43/ 25-3-23 ₹58448 |

മേൽ പദ്ധതി പ്രകാരം ക്വട്ടേഷൻ ടെണ്ടർ കൂടാതെ മരുന്ന് വാങ്ങാൻ സാധിക്കാത്ത സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് വാങ്ങാനാണ് പദ്ധതി ഉദ്ദേശിച്ചത്. ആയത് പ്രകാരം 489929 രൂപയുടെ മരുന്ന് KMSCL-ൽ നിന്നും 498458 രൂപയുടെ മരുന്ന് സപ്ലൈക്കോയിൽ നിന്നും 349845 രൂപയുടെ മരുന്ന് KSDP-യിൽ നിന്നും 72210 രൂപയുടെ മരുന്ന് ജൻഔഷധിയിൽ നിന്നുമാണ് വാങ്ങിയത്. ആയതിൽ KMSCL-ന് നൽകിയ തുകയിൽ ലഭ്യമാവാൻ ബാക്കിയുള്ള മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | പ്രഫോർമ ഇൻവോയിസ് | മരുന്ന് വാങ്ങുന്നതിന് നൽകിയ തുക ₹ | ലഭ്യമായ മരുന്നിന്റെ വില ₹ | ലഭിക്കാനുള്ള മരുന്നിന്റെ വില ₹ |
|---|---|---|---|---|---|
| 1 | ബിൽ നമ്പർ 5/27-8-22 ₹224251 | PRF 160/24-5-22 | ₹ 224251 | 44134 | 180117 |
| 2 | ബിൽ നമ്പർ 30/ 15-2-23 ₹279440 | PRF 3903/25-1-23 | ₹207230 | 122783 | 84447 |
| 3 | ബിൽ നമ്പർ 43/ 25-3-23 ₹58448 | PRF 5259/13-3-23 | 58448 | 925 | 57523 |

ആകെ 3,22,087 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാവാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/16-6-23) ലഭ്യമാക്കിയ മറുപടിയിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ ലഭ്യമാവാൻ കാലതാമസമുണ്ട് എന്നും ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കാൻ കെ എം സി എല്ലിന് അറിയിപ്പ് നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. കെ എം സി എല്ലിൽ നിന്നും മരുന്നുകൾ ലഭ്യമാവുന്നതിനുള്ള കാലതാമസം കാരണമാണ് അത്യാവശ്യമുള്ള മരുന്നുകൾ തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പിന്റെ നമ്പർ ഡി എ 1/93/2022/തസ്വഭവ തീയതി 26-3-2023, പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ സ.ഉ(കൈ) നം.115/2022/LSGD തീയ്യതി 28.05.2022 ലെ ഖ.7.6.4 എന്നിവ അനുസരിച്ച് മേൽ കാണിച്ചിട്ടുള്ള ബില്ലുകളിലെ ബാക്കിയുള്ള തുകയായ ₹920513 രൂപയുടെ മരുന്നുകൾ കാരുണ്യ, ജൻഔഷധി, സപ്ളൈകോ, നീതിസ്റ്റോർ എന്നിവയുടെ ഔട്ടലറ്റുകളിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ എത്രയും പെട്ടന്ന് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാവാത്തതിനാൽ ₹322087 തടസ്സപ്പെടുത്തുന്നു.

## 1-17 വനിത സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ടും പലിശസബ്സിഡിയും -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 158/23 |
| പ്രോജക്ടിന്റെ പേര് | വനിത സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ടും പലിശസബ്സിഡിയും |
| നിർവ്വഹണം | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) 50000 |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹50000/- ബിൽ നമ്പർ 1/30-1-23 |

മേൽ പദ്ധതി പ്രകാരം 2019-20 വാർഷിക പദ്ധതിയിൽ ഒരുലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ച പടിയൂർ ഗ്രാമപഞ്ചായത്തിലെ രുചി കറി പൗഡർ & ഫ്ളോർ മിൽ യൂണിറ്റിന് കേരള ഗ്രാമീൺ ബാങ്ക് പടിയൂർകല്ല്യാട് ബ്രാഞ്ചിൽ നിന്നും നൽകിയ സ്റ്റേറ്റ് മെന്റിന്റെ അടിസ്ഥാനത്തിൽ 1-7-2020 മുതൽ 30-6-21 വരെയുള്ള പലിശ ₹37733യും 1-7-21 മുതൽ 30-6-22 വരെയുള്ള പലിശ (11.5% നിരക്കിൽ ) ₹24715 രൂപയും ചേർത്ത് ആകെ 62448 രൂപ പലിശ അടച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരം ₹50000 പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ട്. (പദ്ധതിയിൽ വകയിരുത്തിയ തുക 50000 രൂപ മാത്രമായതിനാലാണ് മേൽ തുക മാത്രം

പലിശസബ്സിഡി അനുവദിച്ചത്) പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1)പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 115/2022 തസ്വഭവ തീയതി 28-5-22 ഖ 6-5(ബി)(1) പ്രകാരം സംരംഭർക്ക് പലിശ സബ്സിഡി എന്ന ഖണ്ഡികയിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പ തുകക്ക് ജനറൽ വിഭാഗത്തിന് ആറ് ശതമാനവും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ, വനിതകൾ എന്നിവർക്ക് 8% പലിശസബ്സിഡി പരമാവധി 3 വർഷത്തേക്ക് നൽകാവുന്നതാണ്. പ്രസ്തുത ഖണ്ഡികയിൽ "പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം സംരംഭകൻ/സഹകരണസംഘവുമായി പലിശ സബ്സിഡി നൽകുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ കരാർ അനുസരിച്ചുള്ള പലിശ സബ്സിഡി നൽകാവുന്നതാണ്" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഫയലിൽ ഹാജരാക്കിയ റിവോൾവിംഗ് ഫണ്ട് നൽകുമ്പോൾ ഏർപ്പെട്ട കരാറിൽ പലിശ സബ്സിഡി നൽകുന്നതിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 36/17-6-23) ലഭ്യമാക്കിയ മറുപടിയിൽ മേൽ സബ്സിഡി ആനുകൂല്യം നൽകിയത് പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ നിലവിൽ വരുന്നതിന് മുമ്പുള്ള കാലയളവിലേതാണെന്നും മേൽ കാലയളവിൽ ആകെയുള്ള പലിശ 62448 രൂപയുണ്ടെങ്കിലും അതിൽ 50000 രൂപ മാത്രമേ സബ്സിഡി നൽകിയിട്ടുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. പലിശ സബ്സിഡി നൽകുന്നതുമായി ബന്ധപ്പെട്ട് കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പലിശ സബ്സിഡി നൽകമ്പോൾ നൽകുന്ന പലിശയുടെ നിരക്ക്, വായ്പയുടെ കാലയളവ് എന്നിവ വ്യക്തമാക്കിക്കൊണ്ട് കരാർ ചമക്കേണ്ടതും ആയതിലെ വ്യവസ്ഥകൾക്കനുസരിച്ച് പലിശ സബ്സിഡി നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 117/23 |
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| നിർവ്വഹണം | ശിശു വികസന പദ്ധതി ഓഫീസർ<br>ഇരിക്കൂർ |
| അടങ്കൽ | വികസന ഫണ്ട് 1743891<br>മറ്റ് ഗ്രാമപഞ്ചായത്ത് – ₹3111609<br>ആകെ – ₹4855500 |
| ചെലവ് ₹1732656 | ബിൽ നമ്പർ 82/26-10-22 ₹188091<br>ബിൽ നമ്പർ 81/26-10-22 ₹128800<br>ബിൽ നമ്പർ 148/22-12-22 ₹ 90000<br>ബിൽ നമ്പർ 159/31-12-22 ₹144360<br>ബിൽ നമ്പർ 149/22-12-32 ₹265875<br>ബിൽ നമ്പർ 179/16-01-23 ₹24330<br>ബിൽ നമ്പർ 181/16-1-23 ₹531200<br>ബിൽ നമ്പർ 201/16-1-23 ₹218000<br>ബിൽ നമ്പർ 289/16-03-23 ₹142000 |

മേൽ പദ്ധതി പ്രകാരം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എരുവേശ്ശി, മലപ്പട്ടം, മയ്യിൽ, പയ്യാവൂർ ഗ്രാമപഞ്ചായത്തുകളിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഏതൊക്കെ പഞ്ചായത്തുകൾക്ക് എത്ര തുക വീതമാണ് നൽകിയിരിക്കുന്നത് എന്നും തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/15-6-23) നൽകിയ മറുപടി പരിശോധിച്ചതിൽ 11235 രൂപ നാളിതുവരേയും ചെലവഴിച്ചതായി

കാണുന്നില്ല. പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെയും ചെലവഴിച്ച തുകയുടെയും ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പഞ്ചായത്തിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| 1 | എരുവേശ്ശി | 300000 | 290205 | 9795 |
| 2 | മലപ്പട്ടം | 145800 | 144360 | 1440 |
| 3 | മയ്യിൽ | 938091 | 938091 | 0 |
| 4 | പയ്യാവൂർ | 360000 | 360000 | 0 |
| ആകെ | | 1743891 | 1732656 | 11235 |

ബന്ധപ്പെട്ട പഞ്ചായത്തുകൾ ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. പഞ്ചായത്തുകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക 11235 രൂപ തിരികെ ലഭ്യമാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. ₹245275 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | 57/23 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | ₹ 800000 വികസനഫണ്ട് എസ് സി പി |
| ചെലവ് തുക ₹ 800000<br>തുക, ബിൽ നം/തീയതി | ₹ 200000, 17/30.12.2022<br>₹ 150000, 19/31.1.2023<br>₹ 150000, 23/13.02.2023<br>₹ 225000, 30/24.03.2023<br>₹ 75000, 33/28.03.2023<br>----------<br>₹800000 |

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനായുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി 4 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവൽസര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം115/2022/തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 7.2.13 പ്രകാരം ധനസഹായ തുകയായ 2 ലക്ഷം രൂപയിൽ 50,000 രൂപ മുൻകൂറായി നൽകാം. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75000 രൂപ വീതമുള്ള രണ്ട് ഗഡുക്കളായാണ് തുടർന്നുള്ള ധനസഹായം നൽകേണ്ടത്. പ്രോജക്ടിന്റെ ഭാഗമായി ധനസഹായം അനുവദിച്ച 2 വിദ്യാർത്ഥികളുടെ പഠനമുറികൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടുള്ള വാല്വേഷൻ സർട്ടിഫിക്കറ്റിലെ തുക, അനുവദിച്ച സബ്സിഡി തുകയേക്കാൾ കുറവാണ്. വിശദവിവരം ചുവടെ ചേർക്കുന്നു

| വിദ്യാർത്ഥിയുടെ പേര് | പഞ്ചായത്തിന്റെ പേര് | അനുവദിച്ച സബ്സിഡി തുക | അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റിലെ തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|
| വൈഗ എം | മയ്യിൽ പഞ്ചായത്ത് | 2 ലക്ഷം | 76130 | 123870 |

| | | | | |
|---|---|---|---|---|
| അഭിയുക്ത കെ സജേഷ് | മയ്യിൽ പഞ്ചായത്ത് | 2 ലക്ഷം | 78595 | 121405 |
| | | | ആകെ | 245275 |

മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇപ്രകാരം ധനസഹായ തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/16.06.2023) മറുപടിയായി മേൽ വിദ്യാർത്ഥികളുടെ പഠനമുറിയുടെ പ്രവൃത്തി പൂർത്തിയായതാണെന്നും പഠനമുറിയുടെ പൂർത്തീകരണ വാല്യേഷൻ സർട്ടിഫിക്കറ്റ് കാണാതായി പോയതാണെന്നും ആയത് കണ്ടെത്തി ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാല്യേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ₹245275 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ഇരിക്കൂർ ബ്ലോക്ക് ടൂറിസം സർക്യൂട്ട് - പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | 150/23 |
| പ്രോജക്ടിന്റെ പേര് | ഇരിക്കൂർ ബ്ലോക്ക് ടൂറിസം സർക്യൂട്ട് |
| അടങ്കൽ | ₹278564 (വികസന ഫണ്ട് , പൊതു വിഭാഗം) |
| ചെലവ്തുക/ബിൽ നം/തിയ്യതി | ₹46101/211/03.02.23 |

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിനെ ഒരു ടൂറിസം ഹബ്ബ് ആക്കി മാറ്റുന്നതിനും ഉത്തരവാദിത്ത ടൂറിസം ഇക്കോ ഫ്രണ്ട്-ലി ടൂറിസം എന്നിവയെ പറ്റി ജനങ്ങളെ ബോധവത്കരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി തയ്യാറാക്കിയ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി കാർഷിക ടൂറിസ്റ്റ് കേന്ദ്രങ്ങൾ (09.01.23 ലെ 2/5 നമ്പർ ഭരണസമിതി തീരുമാന പ്രകാരം) സന്ദർശിക്കാൻ തീരുമാനിക്കുകയും ആയതു പ്രകാരം തിരുവമ്പാടി കാർഷിക ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് യാത്ര നടത്തിയതിന് ഗൈഡ് ഫീസ്, പ്രവേശന ഫീസ്, ഭക്ഷണം എന്നിവ അനുവദിച്ചതിനും യാത്രാസൗകര്യം ഒരുക്കുന്നതിനുമായി ₹46101 ചെലവഴിച്ചിട്ടുണ്ട്. കാർഷിക ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് നടത്തിയ യാത്രയുടെ ഭാഗമായി ഉണ്ടായിട്ടുള്ള കണ്ടെത്തലുകളിൽ നിന്നും പദ്ധതി നിർവ്വഹണത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രവർത്തന പരിപാടികളുടെ റിപ്പോർട്ട് തയ്യാറാക്കേണ്ടതും പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തേണ്ടതുമാണ്. പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി ഇരിക്കൂർ ബ്ലോക്ക് ടൂറിസം ഡവലപ്പ്മെന്റ് സൊസൈറ്റി എന്ന പേരിൽ 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് XXI പ്രകാരം സംഘം, തലശ്ശേരിയിൽ ക്രമ നമ്പർ KNR/CA/153/2023/23/05 /04/23 ആയി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ തുടർ പ്രവർത്തനങ്ങൾ നടത്തി പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ ഹാജരാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/16.06.2023) മറുപടിയായി 2023-24 വർഷത്തിൽ 67/23 പ്രൊജക്ട് നമ്പരായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട് എന്ന അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 മയ്യിൽ സി എച്ച് സി യിൽ പബ്ലിക്ക് ഇൻഫർമേഷൻ സെന്റർ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ രേഖകൾ ഹാജരാക്കാത്തത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | 155/23 |
| പ്രോജക്ടിന്റെ പേര് | മയ്യിൽ സി.എച്ച്.സി-യിൽ പബ്ലിക്ക് ഇൻഫർമേഷൻ സെന്റർ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |

| | |
|---|---|
| അടങ്കൽ | ₹350000(ഹെൽത്ത് ഗ്രാന്റ് ) |
| ചെലവ്തുക/ബിൽ നം/തിയ്യതി | ₹180000 (NEFT മുഖാന്തിരം 12.05.23 ന് തുക നൽകി) |

മയ്യിൽ സി.എച്ച്.സി-യിൽ പബ്ലിക്ക് ഇൻഫർമേഷൻ സെന്റർ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി ഇലക്ട്രോണിക്സ് ഉപ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യലയത്തിൽ നിന്നും ലഭിച്ച ₹180000 എസ്റ്റിമേറ്റ് (9.3.23 ലെ AEEELC/SD0KNR/195/2023-A1/PWD) എക്സിക്യൂട്ടിവ് എഞ്ചിനീയർ, PWD, Electronics, തൃശ്ശൂരിന്റെ 67228374992 നമ്പർ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട തുക വിനിയോഗിച്ച് എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയതിന്റെ ഫൈനൽ ബില്ലും അനുബന്ധ രേഖകളും പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയും ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/16.06.23) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി PWD ഇലക്ട്രോണിക്സ് വിഭാഗത്തിന് ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളതെന്നും ഇതേവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ലെന്നുമാണ് അറിയിച്ചത്. തുക അനുവദിക്കുന്നതിന് മുമ്പായി ഉണ്ടാക്കിയ വ്യവസ്ഥകൾ അനുസരിച്ച് പദ്ധതി എസ്റ്റിമേറ്റ് പ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്. പദ്ധതിയുടെ ചെലവ് 2022-23 വർഷത്തെ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ തുക NEFT മുഖാന്തിരം PWD ഇലക്ട്രോണിക്സ് വിഭാഗത്തിന് നൽകിയിട്ടുള്ളത് 12.05.23 ന് മാത്രമാണ്. ചെലവിനുള്ള അലോട്ട്മെന്റ് റിക്വസ്റ്റ് നൽകുമ്പോൾ തന്നെ സുലേഖ ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്തിയതിനാലാണ് അപാകം സംഭവിച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഫർണിച്ചറുകളുടെ സ്റ്റോക്ക് വിവരം ഹാജരാക്കിയിട്ടില്ല.

2022-23 വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അക്രഡിറ്റഡ് ഏജൻസിയായ ARTCO മുഖാന്തിരം നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന പ്രൊജക്ടുകൾ പൂർത്തീകരിച്ച് തുക അനുവദിക്കുന്നതിന് മുമ്പ് എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും കൃത്യമായ അളവിലും എണ്ണത്തിലും ഗുണമേന്മയിലും നടപ്പിലാക്കിയിട്ടുണ്ടെന്ന് ജി ഒ (പി) നം. 77/2019 /FIN/04.07.19 ഖ3. N) പ്രകാരം ചെക്ക് മെഷർ ചെയ്ത് ഉറപ്പുവരുത്തിയതിന്റെ സാക്ഷ്യപത്രം ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (32/17.06.23)സംയുക്ത പരിശോധന നടത്തി ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം വാങ്ങി സ്ഥാപിച്ച ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാക്കിയിട്ടില്ല. ഫർണിച്ചറുകൾ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ക്യാഷ് ഇൻവോയിസ് സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| ക്രമ നം | പ്രൊജക്ട് നമ്പർ/പേര് | അനുവദിച്ച തുക | ബിൽ നം/തിയ്യതി |
|---|---|---|---|
| 1. | 223/23 എസ് സി ഡി ഒ, സി ഡി പി ഒ കോൺഫറൻസ് ഹാൾ നവീകരണം | 1499027 (റോഡിതരം ) | ₹662664/303 /20.03.23 |
| | | | ₹836363/264 /28.02.23 |
| 2. | 19/23 ബ്ലോക്ക് പഞ്ചായത്ത് ഹാൾ നവീകരണം | 599920 (വികസന ഫണ്ട് ) | 301/20.03.23 |
| | | 599611 (CFC) | 265/28.02.23 |

## 1-23 ഐ കെ എം-ന് ബ്ലോക്ക് വിഹിതം കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ₹61458 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്. |

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 48/23 ഐ.കെ.എം-ന് ബ്ലോക്ക് വിഹിതം കൈമാറൽ |
| അടങ്കൽ | ₹61458 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹61458 ബിൽ നമ്പർ : 112/25.11.22 |

ഐ.കെ.എം-ന് അടക്കേണ്ട വിഹിതം അടച്ച് സേവനം ഉറപ്പ് വരുത്തുന്നതിന വേണ്ടിയാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 2021-22 വർഷം ഐ കെ എം കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ 20-1-21 ലെ IKM/എ7 /955/2021 ഡിമാന്റ് ലെറ്റർ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം ഉൾപ്പെടെ ₹47711 യാണ് ഒടുക്കേണ്ടിയിരുന്നത്. ആയതിൽ ₹34770 2021-22 വർഷം ഒടുക്കിയിരുന്നു. എന്നാൽ ഐ.കെ.എം കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ 28.09.22ലെ IKM/എ7/2119/2022 ഡിമാന്റ് ലെറ്റർ പ്രകാരം 2022-23 വർഷത്തെ ₹48345 യോടൊപ്പം 2021-22 വർഷത്തെ ബാലൻസ് തുകയായി ഉൾപ്പെടുത്തിയിരിക്കുന്നത് ₹12941 ന് പകരം ₹13113 രൂപയാണ്. ഇത്തരത്തിൽ വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/16.06.23) വ്യത്യാസം സംബന്ധിച്ച് IKM ൽ നിന്ന് സ്പഷ്ടീകരണം വാങ്ങി തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2022-23 വർഷത്തെ തുകയായ ₹48345യും ഉൾപ്പെടെ തൻവർഷം നൽകിയ ₹61458-യുടെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ₹61458 തടസ്സപ്പെടുത്തുന്നു.

## 1-24 സ്മാർട്ട് ഐ ഫേസ് 1 -വിനിയോഗരേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | 215/23 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് ഐ ഫേസ് 1 |
| അടങ്കൽ | ₹18114 (വികസന ഫണ്ട് , പൊതു)<br>₹158886 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ്തുക/ബിൽ നം/തിയ്യതി | ₹18114/253/27.02.23<br>₹158886/പെയ്മെന്റ് വൗച്ചർ നം . XVFC/22-23/P/145/30.03.23 |

പൊതു സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് ഐ ഫേസ് 1 എന്ന പേരിൽ ജില്ലാ പഞ്ചായത്ത് സംഘടിപ്പിക്കുന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ₹177000 ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. (₹158886 PFMS വഴി ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 20790100075102 അക്കൗണ്ടിലേക്ക് 30.03.23 ന് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല). അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (24/16.06.23) നൽകിയെങ്കിലും രേഖകൾ ഹാജരാക്കുകയുണ്ടായില്ല. ജില്ലാപഞ്ചായത്ത് പദ്ധതി പൂർത്തിയാക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 പടിയൂർ ഗ്രാമ പഞ്ചായത്ത് ശ്മശാനം വിഹിതം നൽകൽ - നീക്കിയിരിപ്പ് തുക തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | 128/23 |
| പ്രോജക്ടിന്റെ പേര് | പടിയൂർ ഗ്രാമ പഞ്ചായത്ത് ശ്മശാനം വിഹിതം നൽകൽ |

| | |
|---|---|
| അടങ്കൽ ₹1300000 | ₹1200000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹100000 മറ്റ് ഗ്രാമപഞ്ചായത്തുകൾ |
| ചെലവ്തുക/ബിൽ നം/തിയ്യതി | ₹1200000/40/30.08.2022 |

മേൽ പദ്ധതിയുടെ ഭാഗമായി ₹1200000 പടിയൂർകല്ല്യാട് ഗ്രാമ പഞ്ചായത്തിന് അനുവദിച്ചതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയ 07.10.22 തിയ്യതിയിലെ SC-2708/2022 നമ്പർ ധനവിനിയോഗ സാക്ഷ്യപത്ര പ്രകാരം ബ്ലോക്ക് വിഹിതമായി ലഭിച്ച ₹1200000 ൽ ₹1191109 ഊരത്തൂർ പൊതുശ്മശാനം പുനരുദ്ധാരണ പ്രവൃത്തിക്കായി വിനിയോഗിച്ചിട്ടുണ്ടെന്നും ബാക്കി ₹8891 രൂപ പടിയൂർകല്ല്യാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ഉണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/16.06.23) മറുപടിയായി തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-26 ആസ്തി പരിപാലനം

അസറ്റ് മാനേജ്മെന്റ് മാന്വൽ അനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, സെക്രട്ടറി, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് എന്നിവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. അസറ്റ് മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അസറ്റ് രജിസ്റ്ററും പരിപാലിക്കേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ നിബന്ധന പാലിച്ചിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് 8/15-6-2023 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. അപാകങ്ങൾ പരിഹരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.
26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-27 ചപ്പുംകരി കുടിവെള്ള പദ്ധതി -അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നം/പേര് | 36/23 ചപ്പുംകരി കുടിവെള്ള പദ്ധതി |
| അടങ്കൽ | ₹400000 |
| ബിൽ നമ്പർ/തീയതി/ചെലവ് തുക | 21/20-7-22 ₹177019 |
| കരാറുകാരന്റെ പേര് | ശ്രീ.അബ്ദുൾ ലത്തീഫ്.ടി |
| എം ബുക്ക് നമ്പർ | നമ്പർ ഇല്ല |
| കരാർ നമ്പർ ,തീയതി | AE/LSGD/IKR/39/22<br>തീയതി 18-3-22 |

1)ടെണ്ടർ കുറവ് വരുത്തിയിട്ടില്ല.

ശ്രീ.അബ്ദുൾ ലത്തീഫ്.ടി എന്ന കരാറുകാരന്റെ അംഗീകരിച്ച 1.5% കുറവ് തുകയിലുള്ള ടെണ്ടർ പ്രകാരം കുറവ് വരുത്തേണ്ട തുകയായ 2425 രൂപ ബില്ലിൽ കുറവ് വരുത്തിയതായി കാണുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | അനുവദിച്ച തുക | അനുവദിക്കേണ്ടിയിരുന്ന തുക | വ്യത്യാസം |
|---|---|---|---|
| പ്രവൃത്തിമൂല്യം | 161662 | 161662 | |
| (-) ഹാജർകുറവ് | - | 2425 | 2425 |

| | | | |
|---|---|---|---|
| ജി എസ് ടി തുക | 19399 | 19108 | 291 |
| ആകെ തുക | 181061 | 178345 | 2716 |

ആകെ തുക 2716 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുക ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഫൈനൽ ബില്ലിൽ നിന്നും ആകെ പ്രവൃത്തി മൂല്യത്തിന്റെ ടെണ്ടർ കുറവ് തുക ഈടാക്കി അറിയിക്കേണ്ടതാണ്.

2)കരാർ ചമച്ച് 8-3-22 ന് തന്നെ സൈറ്റ് കൈമാറിയിരുന്നു. 6 മാസത്തിനകം 18-9-22 ന് പൂർത്തിയാക്കേണ്ടുന്ന പ്രവൃത്തി നാളിതുവരേയും പൂർത്തിയാക്കിയതായി കാണുന്നില്ല. തർക്കം കാരണം പ്രവൃത്തി നിർത്തി വച്ചതായി കരാറുകാരന്റെ കത്ത് ഫയലിൽ ലഭ്യമാണ്. 18-3-2022 ലെ സാധാരണ യോഗത്തിൽ പുതിയ കുഴൽകിണർ നിർമിക്കുവാൻ ഭരണസമിതി തീരുമാനിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതിവിവരം അറിയിക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/9-5-2022) മറുപടിയായി കുഴൽകിണറിന് അനുയോജ്യമായ സ്ഥലം നിർണ്ണയിക്കാനായി ഭൂജലവകുപ്പിന് കത്തു നൽകിയതായി അറിയിച്ചിട്ടുണ്ട്.

വേനൽ കാലത്ത് കടുത്ത ജലക്ഷാമം നേരിടുന്ന ചപ്പംകരി നിവാസികൾക്ക് കുടിവെള്ളമെത്തിക്കാനായി 2021-22ൽ ആരംഭിച്ച പ്രസ്തുത പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 ഒഴിഞ്ഞ ടാർ ബാരലിന്റെ വില തിരികെ ഒടുക്കിയില്ല

സർക്കുലർ നം.59827/എഫ്.എം./07/തസ്വഭവ തീയതി 30-10-2007 പ്രകാരം വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ വില ഏത് ഫണ്ടിൽ നിന്നാണോ തുക പിൻവലിച്ചത് അതേ ഫണ്ടിലേക്ക് തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിൽ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളായ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഒഴിഞ്ഞ ടാർ ബാരലിന്റെ വിലയും ആയതിന്റെ ജി എസ് ടി തുകയും സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്കാണ് (A/c No.110062257946) മാറ്റിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ജി എസ് ടി ഇനത്തിലുള്ള തുക മാത്രമാണ് തിരികെ ഒടുക്കി വരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒഴിഞ്ഞ ടാർ ബാരലിന്റെ വില സംബന്ധിച്ച് തനതുഫണ്ടിൽ ലഭിച്ച ആകെ വരവ് തുക കണ്ടെത്തി ആയത് സഞ്ചിതനിധിയിലേയ്ക്ക് മാറ്റി വിവരം അറിയിക്കേണ്ടതാണ്.

## 1-29 തുക അതത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

താഴെ കാണിച്ച പ്രൊജക്ടുകളുടെ ബില്ല് പ്രകാരം ഈടാക്കാൻ കുറവ് വന്ന ഒഴിഞ്ഞ ടാർ ബാരലിന്റെ വില ഈടാക്കി ഒടുക്കുവാനായി ഓഡിററ് എൻക്വയറി നൽകിയതിനാൽ തുക ഈടാക്കി സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ പേര് | ഫണ്ടിനം | എൻക്വയറി നമ്പർ | ഈടാക്കിയ തുക | രശീതി നമ്പർ തീയതി | ടാർ ബാരൽ വില | ജി എസ് ടി തുക |
|---|---|---|---|---|---|---|
| 16/23 പൈസായി മൂപ്പേരി റോഡ് | വികസന ഫണ്ട് – ജനറൽ | 5/14.06.2023 | 3400 | 23160100021 16-6-23 | 2880 | 520 |
| 18/23 പോത്താറമ്പ് വട്ടപറമ്പ് റോഡ് | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 18/15.06.2023 | 2984 | 123160100019 16-6-23 | 2528 | 456 |
| 63/23 കോൺവെന്റ് ജംഗ്ഷൻ കുട്ടുപുഴ | വികസന ഫണ്ട് – ജനറൽ | 4/14.06.2023 | 2974 | 123160100020 16-6-23 | 2520 | 454 |

| | | | | | | |
|---|---|---|---|---|---|---|
| ഇരുമ്പ് റോഡ് | | | | | | |
| ആകെ തുക | | | 9358 | | 7928 | 1430 |

പ്രസ്തുത തുക അതത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒരേ ബില്ലിന് രണ്ട് തവണ തുക അനുവദിച്ചത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജ്ജൻ |
| പ്രോജക്റ്റ് നമ്പർ | 132/23 |
| പ്രോജക്ടിന്റെ പേര് | ചെമ്പൻതൊട്ടി പോളിക്ലിനിക്കിലെ ദൈനംദിന ചെലവ് |
| അടങ്കൽ | ₹ 100000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹ 58594 |

ചെമ്പൻതൊട്ടി പോളിക്ലിനിക്കിലെ ദൈനംദിന ചെലവുകൾ നടത്തുന്നതിനായുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി ചെലവഴിച്ച തുകയിൽ ഒരേ ബില്ലിന് രണ്ട് തവണ തുക അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം/ ആവശ്യം | ബിൽതുക/മാസം | അനുവദിച്ച തുക,ബിൽ നം/തീയതി |
|---|---|---|
| ബി.എസ്.എൻ.എൽ, ടെലഫോൺ ചാർജ്ജ് | 791, ഒക്ടോബർ 2022 മാസത്തെ ബിൽ (ഇൻവോയിസ് നം SDCKL0073492192, 03.11.2022 | 1 .791 രൂപ 11/23.11.2022<br>2. 791 രൂപ 14/16.12.2022 |
| ഇമേജ്, ഓപ്പറേഷണൽ കോസ്റ്റ് ഫോർ ബയോമെടിക് വേസ്റ്റ് കളക്ഷൻ ചാർജ്ജ് | 924, ജനുവരി മാസത്തെ കളക്ഷൻ ചാർജ്ജ് (ബിൽ നം OC/2022-2-23/Jan /1174239 , 01.02.2023 | 1. 924 രൂപ 21/14.02.2023<br>2. 924 രൂപ 23/16.03.2023 |

ഒരേ ബില്ലിന് രണ്ട് തവണ തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/15.06.2023) മറുപടി ലഭ്യമാക്കിയില്ല. അധികം അനുവദിച്ച തുക 1715 (791+924) തിരികെ ഈടാക്കുകയോ തുടർമാസത്തെ ബില്ലിൽ നിന്നും ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സാക്ഷ്യപത്രം നൽകുന്നതിനായി കണക്കുകൾ പരിശോധിച്ച തീയതി | സാക്ഷ്യപത്രം നൽകിയതിന്റെ നമ്പർ/ തീയതി |
|---|---|---|
| 2022-23 | 12-6-2023 & 13-6-2023 | കെ.എസ്.എ./കെ.എൻ.ആർ. /സി.4/914/2023 തീയതി: 12.09.2023 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് നൽകിയ ഫണ്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്, നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 784000 | പി.എം.എ.വൈ ഭവന പദ്ധതി (പട്ടികവർഗ്ഗം 56/23) | 784000 | -- |
| " " | 1274000 | പി.എം.എ.വൈ ഭവന പദ്ധതി (പട്ടികജാതി 55/23) | 1274000 | -- |
| " " | 1372000 | പി.എം.എ.വൈ ഭവന പദ്ധതി – ജനറൽ 54/23 | 1372000 | -- |
| " " | 1058584 | പയ്യാവൂർ കരിമ്പക്കണ്ടി (പട്ടികവർഗ കോളനി) പുഴക്ക് കുറുകെ നടപ്പാലം – 30/23 | 1058584 | -- |
| ആകെ | 4488584 | | 4488584 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| സ്ഥാപനം | പ്രൊജക്ടിന്റെ പേര്/നമ്പർ | തുക | വൗച്ചർ നമ്പർ, തീയതി | റിമാർക്സ് |
|---|---|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് | 155/23 മയ്യിൽ സി.എച്ച്.സി.-യിൽ പബ്ലിക് ഇൻഫർമേഷൻ സെന്റർ – കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾവാങ്ങൽ | 180000 | 12.05.2023 NEET മുഖേന | പൂർത്തീകരിച്ചില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിററ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|---|---|---|
| 1 | 2002-03 | V11.B.13(i) | 1999-00 | 43 | അനർഹമായി ആനുകൂല്യം |

| | | | | | |
|---|---|---|---|---|---|
| 2 | 2002-03 | V11.B.13(ii) | 1999-00 | 47 | റോഡ്, അധിക തുക നൽകിയത് |
| 3 | 2002-03 | V11.B.13(iii) | 1999-00 | 49 | ടാർ വില ഈടാക്കിയില്ല |
| 4 | 2002-03 | V11.B.13(iV) | 1999-00 | 52 | നബാർഡ് -പ്ലാൻ ഫണ്ട് ക്രമരഹിതം |
| 5 | 2002-03 | V11.B.13(V) | 1999-00 | 59 | തൊഴിലുറപ്പ് -പദ്ധതി |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 88734762 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 84980856 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 1715 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 2760873 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | സർചാർജ് തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11(1)<br>1-11(2) | 791<br>924 | ഡോ.മുഹമ്മദ് ബഷീർ,<br>സീനിയർ വെറ്റിനറി സർജൻ |
| ആകെ തുക | 1715 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 100000 | ശ്രീമതി.ഷീന എം.സി.ഡി.പി.ഒ, ഇരിക്കൂർ അഡീഷണൽ |
| 1-13 | 300000 | ശ്രീമതി.നിഷ പാലത്തടത്തിൽ, സിഡി പി ഒ ഇരിക്കൂർ |
| 1-14 | 238500 | ശ്രീ. നിജീഷ് ആർ, വ്യവസായ വികസന ഓഫീസർ |
| 1-15 | 1493553 | ഡോ.പി.കെ. കാർത്ത്യായനി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-16 | 32208 | ഡോ. പി.കെ. കാർത്ത്യായനി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-19 | 245275 | ശ്രീ.വിജയൻ കെ.വി, പട്ടികജാതി വികസന ഓഫീസർ |
| 1-23 | 61458 | ശ്രീ.അബു ആർ, സെക്രട്ടറി, |
| ആകെ തുക | 2760873 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി നിഷ പാലത്തടത്തിൽ, സി.ഡി.പി.ഒ, ഇരിക്കൂർ അഡീഷണൽ | സി.ഡി.പി.ഒ, ഇരിക്കൂർ അഡീഷണൽ, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | പാലത്തടത്തിൽ ഹൗസ്, പടിയൂർ പി.ഒ, കണ്ണൂർ.670703 |
| ശ്രീമതി.ഷീന.എം, സി.ഡി.പി.ഒ | സി.ഡി.പി.ഒ, ഇരിക്കൂർ, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | കാഞ്ഞിരക്കാട്ട് തൊട്ടിയിൽ തോട്ടം കവല എടൂർ,പായം പി ഒ |
| ശ്രീ.വിജയൻ.കെ.വി, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | തേജസ്വി, പൂവത്തൂർ, കുടാളി.പിഒ കണ്ണൂർ ജില്ല. |
| ശ്രീ.നിജീഷ് ആർ, വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | രയരോത്ത് ഹൗസ് ഉള്ള്യേരി പി.ഒ., കൊയിലാണ്ടി |
| ഡോ. പി.കെ. കാർത്ത്യായനി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., മയ്യിൽ പഞ്ചായത്ത് | കാർത്തിക എന്തിരകം റോഡ് മുടെയിട് പി.ഒ. എളയാവൂർ |
| ശ്രീ.അബു. ആർ, സെക്രട്ടറി | സെക്രട്ടറി, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | അജീന ഭവൻ അത്തിക്കാട്ടുകുളങ്ങര, നൂറനാട്ട് പി.ഒ. ആലപ്പുഴ – 690504 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി.4/698/19 തിയ്യതി. 19.07.2023 | 3 |
| 1999-2000 | കെ.എസ്.എ/കെ.എൻ.ആർ/സി.4/698/19 തിയ്യതി. 19.07.2023 | 6 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.4/698/19 തിയ്യതി. 19.07.2023 | 1 |
| 2009-10, 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.4/698/19 തിയ്യതി. 19.07.2023 | 2 |

| | | |
|---|---|---|
| 2011-12, 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.4/698/19 തിയ്യതി. 19.07.2023 | 1 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.4/698/19 തിയ്യതി. 19.07.2023 | 1 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.4/698/19 തിയ്യതി. 19.07.2023 | 5 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.4/698/19 തിയ്യതി. 19.07.2023 | 10 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.4/698/19 തിയ്യതി. 19.07.2023 | 4 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.4 /490/22തിയ്യതി.27-5-2022 | 22 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.4/491/22 /തിയ്യതി 14-06-2022 | 12 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.4/1541/23 /തിയ്യതി 23-3-2023 | 18 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4/1 dated 18-05-2023 and submitted on 18-05-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Irikkur Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Irikkur Block Panchayat for the year 2022-2023

Date: 12/09/2023

Senior Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Irikkur Block Panchayat for the Year 2022-2023.

**1.Major Observations**

1. The following mandatory statements not inluded in Anual financial statement

a.Notes to accounts, which are required to be included with the annual accounts as per accounting rules, are not included.

b.Basic ratios are not included in the annual financial statement (Rule 62 of the Kerala Panchayat Raj (Accounts) Rules, 2011)

**2.Other Observations**

1.Cash flow statement

Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents

2.The amounts in the annual Financial Statements do not match with the amounts as per the respective registers.

Eg: Deposit register , Rent Register

3.Registers are not maintained in such a way as to validate the amount in the annual financial statement.

Eg: Register of rent arrears, Asset register, Advance register not maintained.

4.Details of liability amount not furnished.

No documents have been produced to clarify the amount of Rs.16000 included in the item B-9 Other liabilities.

5.Accounts details is not included in the financial statements.

The information regarding the following SBI accounts is not included in Forms B-7 and RP40(B) of the financial statements. Moreover the closing balance as on 31.03.23 has not been produced.

a) A/C no. 00000067220980241 (Secretary Irikkur Block Panchayath) Balance as on 28.11.22 Rs.1,67,909

b)A/C No 00000057044725649 (BDO) Balance as on 27.01.23 Rs.128597

6.Documents relating to calculation of depreciation of assets not produced.

The documents required to verify the authenticity of the Schedule (B-11) showing Depreciation for the current year's assets have not been produced for verification.

7.Value of all assets are not included in the balance sheet.

The asset value of all vehicles owned by the block panchayat is not included in the annual financial statements.

8. Assets created during the year are not fully included

The B-3 capital contribution schedule does not add up to date the value of assets created during the year.

9. Expenditure details of following project is not booked under respective head.
Project No. 215/23 (Smart Eye Face 1),Rs.158886 from Finance Commission grant

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Irikkur Block Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 6737257.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 33750.00 |
| 140000000 | Fees & User Charges | RP-4 | 27184.00 |
| 150000000 | Sale & Hire Charges | RP-5 | 456065.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 58629307.00 |
| 171000000 | Interest Earned | RP-9 | 11808.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 19152928.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 41854.00 |
| 340000000 | Deposits Received | RP-34 | 158989.00 |
| 350000000 | Other Liabilities | RP-36 | 402008.00 |
| 410000000 | Fixed Assets | RP-38 | 39328.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9380266.00 |
| 460000000 | Loans, Advances and Deposits | RP-47 | 401275.00 |
| | Grand total | | 95472019.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4365020.00 |
| 220000000 | Administrative Expenses | RP-12 | 1120082.00 |
| 230000000 | Operations & Maintenance | RP-13 | 2463460.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7735842.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 31016080.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1345957.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 146164.00 |
| 255000000 | Maintenance Projects | RP-20 | 1726376.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 78981.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 103153.00 |
| 350000000 | Other Liabilities | RP-36 | 10415882.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 131.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 772025.00 |
| 410000000 | Fixed Assets | RP-38 | 11329703.00 |
| 412000000 | Capital work in Progress | RP-40 | 4537615.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6490615.00 |
| 460000000 | Loans, Advances and Deposits | RP-47 | 1333770.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 10491163.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 95472019.00 |

## Annex3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Irikkur Block Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 289710.00 |
| 140000000 | Fee & User Charges | I-4(b) | 28284.00 |
| 150000000 | Sale & Hire Charges | I-5(b) | 457665.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 77990415.00 |
| 171000000 | Interest Earned | I-8 | 11808.00 |
| 180000000 | Other Income | I-9 | 41917.00 |
| | Total Income | | 78819799.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 4365020.00 |
| 220000000 | Administrative Expenses | I-11(b) | 1120082.00 |
| 230000000 | Operations & Maintenance | I-12(b) | 2943704.00 |
| 240000000 | Interest & Finance Charges | I-13 | 131.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7735842.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 33641510.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 8868287.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 633605.00 |
| 255000000 | Maintenance Projects | I-14(e) | 1726376.00 |
| 272000000 | Depreciation | I-17(a) | 8117037.00 |
| | Total Expenditure | | 69151594.00 |
| | Gross Surplus / Deficit of income over Expenditure | | 9668205.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -570700.00 |

| | | | |
|---|---|---|---|
| | Net difference (Prior period Income - Prior period Expenditure) | | 10238905.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

## Annex3-3

## ബാലൻസ് ഷീറ്റ്

| Irikkur Block Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 24354425.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 91697077.00 |
| | Total Reserve & Surplus | | 116051502.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 20302423.00 |
| | Total Grants, Contributions for Specific Purposes | | 20302423.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 937018.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 53808.00 |
| | Total Current Liabilities and Provisions | | 990826.00 |
| | TOTAL LIABILITIES | | 137344751.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 166158817.00 |
| 411000000 | Accumulated Depreciation | B-11 | -54893888.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 111264929.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 13772665.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 10491163.00 |
| 460000000 | Loans, Advances and Deposits | B-18 | 1815994.00 |
| | Total Current Assets, Loans and Advances | | 26079822.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 137344751.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.